സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ക്ലാസ്സ് IV ആയ ജീവനക്കാരുടെ ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 3374/11/Est-I** നന്തൻകോട്, **17/05/2018**

---

പരാമർശം :- 1) 14-03-2017, 06-07-2017 എന്നീ തീയതികളിലെ ROC 15691/15/Est-1 നമ്പർ ഉത്തരവുകൾ.

2) ദേവസ്വം കമ്മീഷണറുടെ 12-02-2018 ലെ ROC 28116/17/Est-B നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാരെ 01-07-2017 മുതൽ ക്ലാസ്സ് IV വിഭാഗമാക്കി ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ക്ഷേത്ര ജീവനക്കാരെന്ന നിലയിൽ ലഭിച്ചുകൊണ്ടിരുന്ന ചില പ്രത്യേക ആനുകൂല്യങ്ങൾ ഇതോടുകൂടി നിഷേധിക്കപ്പെട്ടുവെന്നും കാഷ്വൽ അവധിക്കുള്ള പകരം വ്യവസ്ഥ വേതനം, സ്പെഷ്യൽ കാഷ്വൽ ലീവിനുള്ള പകരംവ്യവസ്ഥ വേതനം, ദേശീയ അവധിവേതനം എന്നിവ പുനഃസ്ഥാപിക്കണമെന്നുള്ള ക്ഷേത്ര ജീവനക്കാരുടേയും അവരെ പ്രതിനിധീകരിക്കുന്ന വിവിധ സംഘടനകളുടേയും ആവശ്യം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടു.

പ്രസ്തുത വിഷയം ദേവസ്വം കമ്മീഷണറുടേയും ദേവസ്വം അക്കൗണ്ട്സ് ആഫീസറുടേയും സാന്നിദ്ധ്യത്തിൽ ബോർഡ് ചർച്ച ചെയ്ത് ചുവടെ വിവരിക്കുന്ന തീരുമാനം കൈക്കൊണ്ടു.

(1) ക്ലാസ്സ് IV ആയ ക്ഷേത്ര ജീവനക്കാരുടെ ആകെയുള്ള 20 കാഷ്വൽ അവധികളിൽ 12 ദിവസത്തേക്കുള്ള പകരംവ്യവസ്ഥാ വേതനം ഡിപ്പാർട്ടുമെന്റിൽ നിന്നും ചെലവെഴുതുന്നതിനും പകരംവ്യവസ്ഥാ വേതനം പ്രതിദിനം ശാന്തി 600/- രൂപ, തകിൽ നാദസ്വരം 400/- രൂപ, മറ്റ് ലാവണങ്ങൾ 300/- രൂപ എന്ന ക്രമത്തിൽ നൽകുന്നതിനും ടി ആനുകൂല്യം ജൂലൈ 2018 മുതൽ നടപ്പിൽ വരുത്തുന്നതിനും ടി ഇനത്തിലുള്ള വേതനം തൊട്ടടുത്ത മാസംതന്നെ ശമ്പളത്തോടൊപ്പം എഴുതി നൽകേണ്ടതാണെന്നും ഉത്തരവാകുന്നു.

(മറുപുറം)